**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃക്കാക്കര നഗരസഭ - ശുചീകരണ പ്രവർത്തനങ്ങൽക്കായി 25 തൊഴിലാളികളെ ദിവസക്കൂലി അടിസ്ഥാനത്തിൽ മൂന്ന് മാസക്കാലത്തേയ്ക്ക് താൽക്കാലികമായി നിയമിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 961/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 28.03.2015

=================================================================

പരാമർശം:- 1) തൃക്കാക്കര നഗരസഭാ കൗൺസിലിന്റെ 26.04.2014-ലെ 05-ാം നമ്പർ തീരുമാനം.
2) തൃക്കാക്കര നഗരസഭാ ചെയർമാന്റെ (നമ്പർ, തീയതി ഇല്ല) അപേക്ഷ.

**ഉത്തരവ്**

തൃക്കാക്കര നഗരസഭാ പ്രദേശത്തെ ശുചീകരണ പ്രവർത്തനങ്ങൾക്കായി 21 ദിവസക്കൂലി തൊഴിലാളികളാണ് നിലവിലുള്ളതെന്നും വികസന പ്രവർത്തനങ്ങൾ വർദ്ധിച്ച സാഹചര്യത്തിൽ ശുചീകരണ തൊഴിലാളികളുടെ കുറവ് നഗരസഭയുടെ ശുചീകരണ പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിച്ചിരിക്കുകയാണെന്നും ഇതിന് പരിഹാരമായി, ആവശ്യമായ തൊഴിലാളികളെ നിയോഗിക്കുന്നതിന് പരാമർശം (1) ലെ കൗൺസിൽ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഡിവിഷന് രണ്ട് എന്ന അനുപാതത്തിൽ 86 തൊഴിലാളികളെ ദിവസക്കൂലി അടിസ്ഥനത്തിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2)-ലെ കത്ത് പ്രകാരം തൃക്കാക്കര മുനിസിപ്പൽ ചെയർമാൻ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭാ കൗൺസിൽ തീരുമാനം കണക്കിലെടുത്ത് തൃക്കാക്കര നഗരസഭയിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി 25 തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ മൂന്നുമാസക്കാലത്തേയ്ക്ക് താൽക്കാലികമായി നിയമിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതിലേയ്ക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച്

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം പ്രസ്തുത നിയമനങ്ങൾ. മേൽപ്പറഞ്ഞ തൊഴിലാളികളെ കാലാവധി തീരുന്ന മുറയ്ക്ക് പിരിച്ചു വിടേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**എസ്. വേണുഗോപാലൻ നായർ,**
**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, തൃക്കാക്കര മുനിസിപ്പാലിറ്റി.
ചെയർമാൻ, തൃക്കാക്കര മുനിസിപ്പാലിറ്റി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**